

**ആംസ്റ്റർഡാമിലെ ആഴ്ചചന്തയിൽ പോലും വലിയ കച്ചവടം സൈക്കിളിനാണ്. പലതരത്തിലുള്ള സൈക്കിളുകൾ നിരത്തി വച്ചിരിക്കുന്ന മൂന്ന്, നാല് സ്റ്റാളുകൾ ചന്തയിലുണ്ട്. സൈക്കിളിന്റെ സ്പെയർ പാർട്ട്സ് വിൽക്കുന്നവരും സൈക്കിൾ നന്നാക്കുന്നവരും വേറെ. സൈക്കിൾ കൗതുകങ്ങളുമായി**

**രാജുറാഫേൽ**

# ഹോളണ്ടിലെ ഹാങ്ങ്ഓവർ അവധികൾ

**ട്രെയിനിൽ** വെച്ച് പിണങ്ങിയ ടിനടിൻ ബുസ്സും സ്യൂദ് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയപ്പോഴേക്കും കൂട്ടായി. റെയിൽവേ സ്റ്റേഷന്റെ മുറ്റത്ത് തന്നെയാണ് ആർ.എൻടി.സി.യുടെ ഇന്റർനാഷണൽ ഗസ്റ്റ്ഹൗസ്. പക്ഷെ കനത്ത മഞ്ഞ് വീഴ്ച കാരണം ഒന്നും കാണാനുണ്ടായിരുന്നില്ല. എല്ല് തുളക്കുന്ന തണുപ്പാകട്ടെ കൂടിവരുന്നു. താപനില പൂജ്യത്തിനും താഴെയായിരിക്കുമെന്ന് എനിക്ക് തോന്നി. . മെയ് മാസത്തിലെ രണ്ടാമത്തെ ആഴ്ചയാണ് ഇത്. ഹോളണ്ടിൽ വസന്തം വിടപറയേണ്ട സമയമായിരിക്കുന്നു. വരാനിരിക്കുന്നത് സുഖകരമായ വേനൽക്കാലമാണ്. വേനൽക്കാലം യൂറോപ്പിൽ ആദ്യമെത്തുക പോർച്ചുഗലിലാണത്രേ. മെയ് 15 നോ 16 നോ വേനൽ പോർച്ചുഗലിലെത്തും. വേനലിനെ വരവേൽക്കാനുള്ള പോർച്ചുഗീസ് തലസ്ഥാനമായ  ലിസ്ബണിലെ ഒരുക്കങ്ങളെ കുറിച്ചുള്ള ഒരു വാർത്താ റിപ്പോർട്ട് രാവിലെ ജർമ്മൻ ടെലിവിഷൻ ചാനലായ ഡി.ഡബ്ളുയുവിൽ കണ്ടത് ഓർമ്മിച്ചു കൊണ്ട് ഹോളണ്ടിൽ എപ്പോഴാണ് വേനൽക്കാലം തുടങ്ങുകയെന്ന് അന്വേഷിച്ചു.

ടിനയുടെ മറുപടി എന്നെ അമ്പരിപ്പിച്ചു. ജൂൺ, ജൂലൈ, ആഗസ്റ്റ് ആണിവിടെ വേനൽക്കാലം, കണക്കനുസരിച്ച് അടുത്ത ആഴ്ച, അതായത് മെയ് 21ന് വേനൽ തുടങ്ങേണ്ടതാണ്. പക്ഷെ ഇന്നു മുതൽ കനത്ത മഞ്ഞുവീഴ്ചയും മഴയും ഉണ്ടാകും എന്നാണിവരുടെ കാലാവസ്ഥ വിഭാഗം പറയുന്നത്. ഋതു പതുക്കെ ശീതകാലത്തിലേക്ക് തന്നെ തിരിച്ചു പോകുകയാണത്രേ. മിക്കവാറും ഈ വേനലിലെ വെയിൽകൊള്ളാൻ നിനക്ക് ഭാഗ്യമുണ്ടാകില്ല, കാലാവസ്ഥാവ്യതിയാനം തന്നെ കാരണം. അല്ലങ്കിൽ തന്നെ ഒരു വ്യവസ്ഥയും ഇല്ലാത്തതാണ് ഹോളണ്ടിലെ കാലാവസ്ഥ. – ടിന പറഞ്ഞു നിറുത്തി.

അപ്പോൾ ഈ കാലാവസ്ഥ വ്യതിയാനം ആളു കൊള്ളാമല്ലോ.– ഞാൻ മനസ്സിലോർത്തു. നമ്മുടെ നാട്ടിൽ മാത്രമല്ല,  യൂറോപ്പിലും പ്രശ്നങ്ങളുണ്ടാക്കാൻ കാലാവസ്ഥാവ്യതിയാനത്തിന് കഴിയുന്നുണ്ട്. അതേതായാലും നന്നായി. സാധാരണ പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലമുള്ള ദുരന്തങ്ങൾ  അനുവിക്കുക ഇന്ത്യ

പോലുള്ള രാജ്യങ്ങളിലെ ദരിദ്ര നാരാണനൻമാരായ ജനങ്ങൾ മാത്രമായിരിക്കും. ഇതങ്ങനയല്ല വടക്കൻ യൂറോപ്പിലെ സമ്പന്നരായ ജനങ്ങളും കാലാവസ്ഥാ വ്യതിയാനം മൂലം പ്രശ്നത്തിലാണ്. എങ്കിലും നാട്ടിൽ നല്ല വേനലിൽ ന്യൂന മർദ്ദം മൂലം ഇടക്ക് കനത്ത മഴ കാലം തെറ്റി പെയ്യാറുള്ളതു പോലെയേ എനിക്ക് വസന്തത്തിന്റെ അവസാനത്തിൽ ഹോളണ്ടിലുണ്ടായ ഈ മഞ്ഞ് വീഴ്ചയെ പറ്റി തോന്നിയുള്ളൂ.

ഞങ്ങൾ താമസിക്കുന്ന ബ്ളോക്കിലേക്ക് ഗസ്റ്റ് ഹൗസിന്റെ പ്രധാന കവാടത്തിലൂടെ അല്ലാതെ, സെമിത്തേരിയുടെ മുറ്റത്ത് കൂടി ബൂസ്സും ഗ്രാമത്തിലേക്ക് പോകുന്ന റോഡിൽ നിന്ന് കടക്കാനായി ഒരു വാതിലുണ്ട്. അഞ്ചാറ് ആപ്പിൾ മരങ്ങൾ നിൽക്കുന്ന വിശാലമായ പുൽത്തകിടിയാണ് റോഡിനും വാതിലിനും ഇടയിലുള്ളത്. മതിൽ ഇല്ല. പൊതുവേ മതിലുകൾ നെതർലാന്റ്സിൽ ഇല്ലെന്ന് തോന്നുന്നു. ചെടികൾ കൊണ്ട് തീർത്ത മനോഹരമായ വേലികളാണ് റോഡിനെയും വീടുകളെയും വേർതിരിക്കുന്നത്. ബുസ്സും സെമിത്തേരിക്കും അതിനോട് ചേർന്നുള്ള ചെറിയ പള്ളിക്കും ഇത്തരം വേലി മാത്രമേ ഉള്ളൂ. ഈ ഗസ്റ്റ് ഹൗസിനാണെങ്കിൽ അത്തരത്തിലുള്ള വേലി പോലും ഇല്ല. റെയിൽവേ സ്റ്റേഷനിലെ സൈക്കിൾ പാർക്കിങ്ങിൽ നിന്ന് നേരെ പുറത്തു കടന്നാൽ ഈ വാതിൽ കാണാം. ഇലക്ട്രോണിക് പൂട്ടുള്ള ചില്ലു വാതിലാണ് ഇത്. ഈ വാതിലിനോട് ചേർന്നാണ് ടിനയുടെ സൈക്കിൾ വെയ്ക്കാറുള്ളത്. ടിന സൈക്കിൾ പാർക്കിങ്ങ് സ്റ്റാൻഡിൽ ഉറപ്പിക്കുമ്പോഴേക്കും താക്കോലായി ഉപയോഗിക്കുന്ന മാഗ്നെറ്റിക് കാർഡ് ഉപയോഗിച്ച് ഞാൻ ചില്ലു വാതിൽ തുറന്നു. തണുപ്പിൽ നിന്ന് രക്ഷപെടാനായി എങ്ങിനെയെങ്കിലും അകത്ത് കടന്നാൽ മതിയെന്ന വിചാരത്തിലായിരുന്നു ഞാൻ. എന്നാൽ ടിനയാകട്ടെ അകത്തേക്ക് കടക്കാതെ പുറത്ത് തന്നെ നിൽക്കുകയാണ്. തൽക്കാലമൊന്നും അകത്തേക്ക് കടക്കാനുള്ളഭാവം അവൾക്കില്ല എന്ന് എനിക്ക് തോന്നി.

എന്റെ സിഗാർ തീർന്നു പോയി. അല്ലെങ്കിൽ ഈ മഞ്ഞ് ആസ്വദിച്ച് നമ്മൾക്ക് ഓരോ സിഗാർ വലിക്കാമായിരുന്നു. ടിന പറഞ്ഞു. ഇങ്ങനെ മഞ്ഞ് പെയ്യുമ്പോൾ സിഗററ്റ് വലിച്ചാൽ ഒന്നും ആകില്ല. നല്ല സിഗാർ- ചുരുട്ട് തന്നെ വലിക്കണം. ഞാനും മനസ്സിലോർത്തു. പക്ഷെ എവിടെ നിന്ന് സിഗാർ കിട്ടാനാണ്. സംഗതി ഇപ്പോൾ സമയം വൈകുന്നരം ഏഴ് മണിയായിട്ടെയുള്ളൂ. പക്ഷെ നെതർലാന്റ്സിൽ കടകളൊക്കെ അഞ്ചു മണിക്കേ അടക്കും. ഓഫിസ് പ്രവൃത്തി സമയം തന്നെയാണ് കടകൾക്കും. രാവിലെ 10 മുതൽ 5 വരെ. ശനിയും ഞായറും മുടക്കം. തിങ്കളാഴ്ചയാണെങ്കിൽ ഉച്ചക്ക് 2 മണിക്കേ തുറക്കൂ. ഹാങ്ങ് ഓവർ അവധിയാണ് തിങ്കളാഴ്ച ഉച്ചവരെ. ആഴ്ചയവസാനമായ ശനിയും ഞായറും കുടിച്ച് കൂത്താടി ആഘോഷിച്ചതിന്റെ കെട്ട് തീർന്ന് തിങ്കളാഴ്ച ഉച്ചയോടെ മാത്രമേ ജീവനക്കാർക്ക് ജോലിക്ക് ഹാജരാകാണ്ടതുള്ളൂ. അതിനാൽ ഇവിടെ ഓഫീസ്സുകളും കടകളും തിങ്കളാഴ്ച ദിവസം ഉച്ചക്കേ തുറക്കൂ. സർക്കാർ നിയമമാണത്. പകരം ആഴ്ചയിലൊരു ദിവസം ഏഴ് മണിക്കേ കടകളടക്കാവൂ എന്നാണ് ചട്ടം. ആഴ്ചയിൽ ഏത് ദിവസമാണ് കടകൾ ഏഴ് മണിവരെ തുറക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് അവിടുത്തെ പ്രാദേശിക ഭരണകൂടമാണ്. അതിന് തന്നെ അടുത്തടുത്ത ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിൽ ധാരണയുണ്ടാകും.ഉദാഹരണത്തിന് ബൂസ്സും ഗ്രാമത്തിൽ വ്യാഴാഴ്ചയാണ് കടകൾ ഏഴ് മണിവരെ തുറക്കുന്നത് എങ്കിൽ തൊട്ടടുത്ത പട്ടണമായ ഹിർവസമിൽ അത് വെളളിയാഴ്ചയാണ്. മഞ്ഞ് കാലത്തും ശരത് കാലത്തും രാത്രി ദൈർഘ്യം കൂടതലായതു കൊണ്ടാകും ഇവിടെ കടകൾ അഞ്ചു മണിക്ക് അടക്കുന്ന കീഴ്വഴക്കമുണ്ടായത്. പ്രത്യേകിച്ച് നവംബർ ഡിസംബർ മാസങ്ങളിലൊക്കെ വൈകുന്നേരം അഞ്ചു മണിയാകുമ്പോഴേക്കും അർദ്ധ രാത്രി പോലെ ഇരുട്ടായിട്ടുണ്ടായിരിക്കും. ആ മാസങ്ങളിൽ കടകൾ നേരത്തെ അടക്കുന്നത് മനസ്സിലാക്കാം. ഇത് രാത്രി പത്ത് മണിയായാലും ഇരുട്ടാവാത്ത മെയ്മാസത്തിലും മറ്റും അഞ്ച് മണിക്ക് കടകൾ അടച്ചാൽ നമ്മളെപ്പോലുള്ളവർ കഷ്ടപ്പെട്ട് പോവുകയേയുള്ളൂ. ആർ.എൻടി.സിയിലെ ക്ളാസ് കഴിയുമ്പോൾ തന്നെ അഞ്ച് മണി കഴിയും. പുറത്തിറങ്ങി, ബസ്സിൽ കയറി ബുസ്സുമിലോ, ഹിമർസമിലോ എത്തുമ്പോഴേക്കും കടകളൊക്കെ അടച്ചിട്ടുണ്ടാകും. ഏറ്റവും കഷ്ടം എന്തെങ്കിലും അസുഖം വന്നാലാണ്. അഞ്ചുമണിക്ക് ഡോക്ടർമാർ ക്ളിനിക്കുകൾ പൂട്ടി വീട്ടിൽപോകും. ആശുപത്രികളിലും അഞ്ച് മണി കഴിഞ്ഞാൽ സാധാരണ ഗതിയിൽ ഡോക്ടർമാർ ഉണ്ടാകില്ല. അല്ലെങ്കിൽ ഹൃദയ സ്തംഭനം പോലെ ക്രിട്ടിക്കൽ കെയർ യൂണിറ്റിൽ പ്രവേശിക്കത്തക്ക അസുഖമാകണം.. പനിയും ചുമയും വയറുവേദനയും ഒക്കെ ആണങ്കിൽ പിറ്റെ ദിവസം 10 മണിക്കേ ഡോക്ടറെ കാണാൻ പറ്റൂ. മെഡിക്കൽ സ്റ്റോറുകളും അഞ്ച് മണിക്ക് തന്നെ അടക്കും.

ഡാംബറിന്റെ കൈയ്യിൽ ചില പ്പോൾ ചുരുട്ട് ഉണ്ടാകും. എന്റെ തൊട്ടടുത്ത മുറിയിലാണ് ഡാംബർ. പോയി വാങ്ങിവരാം ഞാൻ പറഞ്ഞു.

എങ്കിൽ ഞാൻ റേഡിയോ റൂമിലുണ്ടാകാം - ടിന പറഞ്ഞു.

ഗസ്റ്റ് ഹൗസിന്റെ രണ്ടാം നിലയിലാണ് റേഡിയോ റൂം. ആർഎൻ.ടി.സി.യിലെ വിവിധ പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്നവരുടെ പൊതുവായ ഹാൾ. പണ്ട് ആർ.എൻ.ടി.സിയിൽ റേഡിയോ പത്രപ്രവർത്തകരെ മാത്രം പരിശീലിപ്പിച്ചിരുന്ന സമയത്ത് വിദ്യാർത്ഥികൾ ഒരുമിച്ചിരുന്ന് റേഡിയോ കേൾക്കാനായി നിർമ്മിച്ച ഹാളാണ്. ഇപ്പോൾ വിദ്യാർത്ഥികളുടെ പൊതുവായ ചർച്ചാവേദി. ഇപ്പോഴും ആർ.എൻ.ടിസിയിൽ റേഡിയോ പത്രപ്രവർത്തന പരിശീലന പരിപാടി ഉണ്ടെങ്കിലും റേഡിയോ റൂമിൽ റേഡിയോ മാത്രം ഇല്ല. ഒരേ സമയം 30 ഓളം പേർക്ക് ക്ഷണം കഴിക്കാനാവുന്ന പൊതു ഡൈനിങ്ങ് ഹാളാണ് ഇപ്പോൾ റേഡിയോ റൂം. രാവിലെ 6 മണിയോടെ ഇവിടെ ചീസുകൾ തന്നെ അറേഴുതരം ഉള്ള ഹോളണ്ടിന്റെ പാരമ്പര്യ രീതിയിലുള്ള പ്രഭാത ക്ഷണം ഒരുക്കി വെച്ചിട്ടുണ്ടാകും.. എന്നാൽ പ്രഭാത ഭക്ഷണം മാത്രമേ ഇവിടെ നിന്ന് കിട്ടൂ. ക്ളാസ്സുള്ള ദിവസങ്ങളിൽ ഉച്ചക്കും വൈകീട്ടും റേഡിയോ നെതർലാന്റ്സിന്റെ കാന്റീനിൽ നിന്ന് വേണം കഴിക്കാൻ. ഒൻപത് മണിയോടെ പ്രഭാത ഭക്ഷണത്തിന്റെ സമയം കഴിയും. ഇതോടെ ഡൈനിങ്ങ് ഹാളിന്റെ രൂപം വെടിഞ്ഞ് റേഡിയോ റൂം പൊതു ആവശ്യങ്ങൾക്കുള്ള ഹാളായി മാ

റും. വാഷിങ്ങ് മെഷീൻ, വസ്ത്രം ഉണക്കാനുള്ള ഡ്രെയർ, തേപ്പുപ്പെട്ടി, ഇന്റർനെറ്റ് കണക്ഷനോടു കൂടിയ കമ്പ്യൂട്ടർ, ടി.വി., വേണമെങ്കിൽ വിദ്യാർത്ഥികൾക്ക് സ്വയം ഭക്ഷണം പാചകം ചെയ്തു കഴിക്കാനുള്ള ഇലക്ടിക് അടുപ്പുകൾ, കോയിനിട്ട് വിളിക്കാവുന്ന ഫോൺ തുടങ്ങിയ പൊതുവായ കാര്യങ്ങളൊക്കെ കുത്തി നിറച്ചിരിക്കുന്നു റേഡിയോ റൂമിൽ. പുറത്ത് പോയി വരുന്ന വിദ്യാർത്ഥികൾ വാങ്ങികൊണ്ടു വരുന്ന ഭക്ഷണ സാധനങ്ങളൊക്കെ മറ്റുള്ളവർക്ക് കൂടി പങ്ക് വെക്കണം എന്ന് ആഗ്രഹമുണ്ടങ്കിൽ റേഡിയോ ഹാളിലെ മേശപുറത്ത് വെച്ചാൽ മതി. ആരെങ്കിലുമൊക്കെ എടുത്ത് കഴിച്ചോളും. എല്ലാ ദിവസവും രാത്രി വൈകി മാത്രം ഗസ്റ്റ് ഹൗസിൽ തിരിച്ചെത്തുന്ന ടിന ടിൻ ഇത്തരത്തിൽ ഭക്ഷണം തേടി റേഡിയോ റൂമിൽ വരുന്നത് കാണാറുണ്ട്.

ഡാംബിറിന്റെ കൈയ്യിൽ ചുരുട്ട് ഉണ്ടാകും എന്ന് എനിക്ക് ഉറപ്പായിരുന്നു. കാരണം ഇന്ന് വ്യാഴാഴ്ചയാണ്. വ്യാഴാഴ്ച ദിവസങ്ങളിലാണ് ബുസ്സും ഗ്രാമത്തിലെ ആഴ്ച ചന്ത. ഇന്ന് ക്ലാസ്സ് കഴിഞ്ഞ് നേരെ ചന്തയിലേക്ക് പോകും നിനക്ക് എന്തെങ്കിലും വാങ്ങണോ എന്ന് ഡാംബർ എന്നോട്  രാവിലെ തന്നെ ചോദിച്ചിരുന്നു. അത്യാവശ്യം സിഗററ്റും ചുരുട്ടും ബീയറും വെള്ളവുമൊക്കെ വാങ്ങാനായി ഞാൻ അവന്റെ കയ്യിൽ അപ്പോൾ തന്നെ പൈസ കൊടുത്തിരുന്നു. വെള്ളം വാങ്ങിക്കാനായി ഞാൻ പൈസ കൊടുത്തത് അൽപ്പം വിഷമത്തോടെയായിരുന്നു (നാട്ടിലെ എന്റെ വീട്ടിലെ കിണററിൽ ഇഷ്ടം പോലെ വെള്ളം ഉണ്ട്). പക്ഷെ അതിലും എന്നെ വിഷമിപ്പിച്ചത് ഒരു കുപ്പി വെള്ളത്തിന് ഒരു ബോട്ടിൽ ബീയറിനേക്കാൾ വില കൊടുക്കണം എന്നതായിരുന്നു. 330 മില്ലി ലിറ്റർ ശുദ്ധീകരിച്ച വെള്ളത്തിന് ഒരു യൂറോ കൊടുക്കണം. അത്രയും അളവിലുള്ള ബീയർ ബോട്ടിലിന് 40 പെൻസ് (100 പെൻസ്- ഒരു യൂറോ) നൽകിയാൽ മതി. വലിയ സൂപ്പർ മാർക്കറ്റുകൾ അനവധി ഉണ്ടെങ്കിലും ഹോളണ്ടുകാർ സാധാരണ വീട്ടു സാധനങ്ങൾ, പ്രത്യേകിച്ച് ഗ്രാമങ്ങളിൽ താമസ്സിക്കുന്നവർ വാങ്ങുന്നത് അതത് ഗ്രാമത്തിലെ ആഴ്ച ചന്തയിൽ നിന്നാണ്. പച്ചക്കറിയും മുട്ടയും ഇറച്ചിയും മീനും ചീസും എല്ലാം നല്ല വില




**കൈവശമുള്ള സൈക്കിളിന്റെ ചെയിൻ വല്ലാതെ ലൂസായതിനാൽ ആ സൈക്കിൾ മാറ്റി മറ്റൊന്ന് വാങ്ങാനായി സൈക്കിൾ വാടകക്ക് കൊടുത്ത ആംസ്റ്റർഡാമിലെ കടയിലേക്ക് തന്നെ  ഇന്നലെ പോയിരുന്നു ടിന. തനിക്ക് തന്ന സൈക്കിളിന്റെ പ്രശ്നമെന്താണെന്ന്  അവിടുത്തെ ജീവനക്കാരനെ പറഞ്ഞ് ബോധ്യപ്പെടുത്തി പുതിയ സൈക്കിളും സംഘടിപ്പിച്ച് മടങ്ങാനൊരുങ്ങുമ്പോൾ അതാ മുന്നിൽ മറ്റൊരു സൈക്കിളിൽ സാക്ഷാൽ സ്റ്റീഫൻ സ്പീൽ ബർഗ്**

ക്കുറവിൽ ആഴ്ച ചന്തയിൽ നിന്ന് കിട്ടും. സാധനങ്ങൾ നല്ലതും പഴക്കമില്ലാത്തതും ആയിരിക്കും. കർഷകർ തന്നെയാണ് ചന്തയിലെത്തി സാധനങ്ങൾ വിൽക്കുന്നത്. യൂറോപ്യൻ യൂണിയൻ നിലവിൽ വന്നതോടെ ജർമ്മനിയിലെയും ബൽജിയത്തിലെയും അതിർത്തി ഗ്രാമങ്ങളിൽ നിന്നുപോലും കർഷകർ തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കാനായി ബുസ്സുമിലെയും ഹിർവസ്സമിലെയും ചന്തയിൽ എത്തുന്നുണ്ട്. ശനിയാഴ്ച ദിവസമാണ് ഹിർവസമിലെ ആഴ്ച ചന്ത.

കഴിഞ്ഞ വെള്ളിയാഴ്ചയാണ് ഞാൻ ഹോളണ്ടിലെത്തി ആർ.എൻ‌ഡി.സിയിൽ ചേർന്നത്. ശനിയും  ഞായറും ഇൻസ്റ്റിറ്റ്യൂട്ടിന് പ്രവർത്തി ദിവസമല്ല. വേറെ പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്തതു കൊണ്ട് കഴിഞ്ഞ ശനിയാഴ്ച ഡാംബർ എന്നെ ഹിൽവസമിലെ ആഴ്ച ചന്ത കാണിക്കാനായി കൊണ്ടു പോയിരുന്നു. ആർഎൻ‌ഡി.സിയിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന ഡാംബറിന് ഹിൽവർസം പട്ടണവും ആഴ്ച ചന്തയും ഡച്ച് ജീവിത രീതികളുമൊക്കെപരിചിതമായിരുന്നു. കുറയേറെ ആപ്പിളും മുന്തിരിയും സ്ട്രോബറിയും ബീയറും വൈനുമെല്ലാം ഞങ്ങൾ അന്ന് ചന്തയിൽ നിന്ന് വാങ്ങി. കൂട്ടത്തിൽ ജർമ്മൻകാരനായ സിഗററ്റ് കച്ചവടക്കാരന്റെ കൈയ്യിൽ നിന്ന് ഡാംബർ അത്യാവശ്യം സിഗററ്റും ചുരുട്ടും വാങ്ങുകയും ചെയ്തു. പൊതുവേ പുക വലിക്കുന്ന ശീലമില്ലാത്തതു കൊണ്ട് അവൻ പലതരം ചുരുട്ടുകൾ പരിശോധിച്ച് തെരഞ്ഞെടുക്കുമ്പോൾ കാഴ്ചക്കാരനായി നിൽക്കുകയായിരുന്നു ഞാൻ.  പക്ഷെ പിന്നീടാണ് ഞാൻ തിരിച്ചറിഞ്ഞത് പുക വലിക്കാതെ ഹോളണ്ടിലെ തണുപ്പിൽ പിടിച്ചു നിൽക്കാനാവില്ല എന്ന്. പ്രത്യേകിച്ച് റൂമിൽ അടച്ചിരിക്കാതെ പുറത്തൊക്കെ കറങ്ങി നടക്കുന്നുണ്ടെങ്കിൽ . അങ്ങിനെ ഒരാഴ്ചയിലെ സ്വന്തം ആവശ്യത്തിനായി ഡാംബർ വാങ്ങിച്ചുവെച്ച സിഗററ്റെല്ലാം മൂന്ന് നാല്

ദിവസം കൊണ്ട് ഞാൻ വലിച്ചു തീർത്തതിനാലാണ് ഡാംബർ ഇന്ന് ബുസ്സുമിലെ ആഴ്ച ചന്തയിലേക്ക് പോയത് തന്നെ. അവന്റെ സിഗരറ്റ് വലിച്ച് തീർത്ത കുറ്റബോധത്താൽ അവനു കൂടി സിഗററ്റും ചുരുട്ടും വാങ്ങിക്കാനായി ഞാൻ പൈസയും നൽകിയിരുന്നു. കാരണം ഹോളണ്ടിൽ ഏറ്റവും വില കൂടിയ വസ്തുക്കളിൽ പെട്ടതാണ് സിഗററ്റും ചുരുട്ടും. ഏറ്റവും തല്ലിപൊളിയായ ഒരു പാക്കറ്റ് സിഗരറ്റ് കിട്ടണമെങ്കിൽ തന്നെ ആറ് യൂറോ നൽകണം. നല്ല സിഗരറ്റോ ചുരുട്ടോ കിട്ടണമെങ്കിൽ പാക്കറ്റിന് പത്തും പന്ത്രണ്ടും യൂറോ നൽകണം. എന്നാൽ ഒരു കുപ്പി വിസ്കിക്ക് ഇത്രയും വില നൽകേണ്ട താനും. മദ്യത്തിന് പച്ച വെള്ളത്തിനേക്കാൾ വില കുറവ്, സിഗററ്റിന് മദ്യത്തിനേക്കാൾ വില കൂടുതൽ- ആകെ മനുഷ്യനെ കുഴപ്പത്തിലാക്കുന്ന വ്യവസ്ഥിതി തന്നെ.

ഹിൽവർസമിലെ ചന്ത എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. ഉപ്പ് തൊട്ട് കർപ്പൂരം വരെ വാങ്ങാൻ കിട്ടിയിരുന്ന നമ്മുടെ നാട്ടിൻപുറങ്ങളിൽ പണ്ട് ഉണ്ടായിരുന്ന അതേ ആഴ്ച ചന്ത തന്നെ. പല വലിപ്പത്തിലുള്ള അടുക്കള പാത്രങ്ങൾ, വിവിധ തരത്തിലുളള അടുപ്പുകൾ, വസ്ത്രങ്ങൾ, ഇവയെല്ലാം ഒരു ഭാഗത്ത്. അതിന് എതിരായി പച്ചക്കറി വിൽപ്പനക്കാർ, ചീസ് മാത്രം വിൽക്കുന്ന കർഷകർ സമീപത്ത്. കാലിന്റെ അളവ് എടുത്ത് ചെരുപ്പ് നിർമ്മിച്ച് നൽകുന്ന ഇറ്റലിയിൽ നിന്ന് കുടിയേറിയ ചെരുപ്പുകുത്തികൾ ഒരു മൂലക്ക്. മുട്ടയും കോഴിയും താറാവും വിൽക്കുന്ന കർഷർ ഇങ്ങേതലക്കൽ. ഇതിനെല്ലാം ഇടയിലൂടെ കുടുംബ സമേതം സൈക്കിളിൽ സാധനങ്ങൾ വാങ്ങുന്നവർ ഷോപ്പിങ്ങ് ആസ്വദിച്ച് നീങ്ങുന്നതു കാണാം. പക്ഷെ ചന്തയിലെ പ്രധാന കച്ചവടക്കാർ സൈക്കിൾ വിൽപ്പനക്കാരാണ്. പലതരത്തിലുള്ള സൈക്കിളുകൾ നിരത്തി വെച്ചിരിക്കുന്ന മൂന്ന്, നാല് സ്റ്റാളുകൾ ഉണ്ട്. സൈക്കിളിന്റെ സ്പെയർ പാർട്ട്സ് വിൽക്കുന്നവരും സൈക്കിൾ നന്നാക്കുന്നവരും വേറെ. ചന്തയിൽ ഏറ്റവും സജ്ജീവമായ ഭാഗം ഇതുതന്നെ.

ടിനയോട് പറഞ്ഞത് പ്രകാരം മുകളിൽ പോയി നോക്കിയപ്പോൾ ഡാംബറിന്റെ മുറി അടഞ്ഞു കിടക്കുന്നു. ഡാംബർ എത്തിയിട്ടില്ല. മൊബൈൽ ഫോണിൽ വിളിച്ചപ്പോൾ ബുസ്സും ചന്തയിൽ നിന്ന് ഗസ്റ്റ് ഹൗസിലേക്ക് നടക്കുകയാണെന്ന മറുപടി. കൂടെ ജയയും കിബ്രിയുണ്ട്. നേപ്പാൾ റേഡിയോവിലെ പ്രൊഡ്യൂസറാണ് ജയ. മുൻപ് ആർ.എൻ.ടിസിയിൽ തന്നെ പഠിച്ചതാണ്. ഡാംബറിന്റെ ജൂനിയറായിട്ട്.നേരത്തെ പരിചയമുള്ളതു കൊണ്ട് ഡാംബറുമായിട്ട് വലിയ കൂട്ടാണ് ജയ. റേഡിയോ റൂമിൽ ചെന്ന് ഡാംബർ വരുന്നതേയുള്ളൂ എന്ന് ടിനയെ അറിയിച്ചു. ടിനയുടെ മുഖമാകെ വാടി. ഒന്ന് പുകയ്ക്കാൻ കഴിയാത്തതിന്റെ നിരാശ. ഗസ്റ്റ് ഹൗസിലെ അടുക്കള ജീവനക്കാരനായ ടോണിയുടെ കൈയ്യിൽ നിന്ന് രണ്ട് സിഗരറ്റ് കടം ചോദിച്ചാലോ എന്നായി ടിന. അതിന്റെയൊന്നും ആവശ്യമില്ല, ഡാംബർ ഇപ്പോഴിങ്ങ് എത്തും എന്ന് സമാധാനിപ്പിച്ച് ടിനയെ താഴേക്ക് തന്നെ കൊണ്ടുവന്നു. പുറത്തേക്ക് കടക്കാനായി ചില്ലുവാതിൽ തുറന്നതോടെ വെളുത്ത് പുതയുന്ന മഞ്ഞും എല്ലു തുളക്കുന്ന തണുപ്പും അകത്തേക്ക് കയറി. പുറത്തിറങ്ങി നോക്കിയപ്പോൾ ആപ്പിൾ മരങ്ങളാകെ മഞ്ഞിൽ പുതഞ്ഞ് നിൽക്കുന്നു. ഐസ് കൊത്തിയുണ്ടാക്കിയ ശിൽപ്പങ്ങൾ പോലെ തോന്നിച്ചു ആപ്പിൾ മരങ്ങൾ.

അപ്പോഴാണ് നാളത്തെ പ്രസന്റേഷൻ പോലും തയ്യാറാക്കാതെ ട്രെയിനിൽ സൈക്കിളും കയറ്റി ആംസ്റ്റർഡാമിലേക്ക് പോയത് എന്തിനാണ് എന്ന് ടിന വെളിപ്പെടുത്തിയത്. കൈവശമുള്ള സൈക്കിളിന്റെ ചെയിൻ വല്ലാതെ ലൂസായതിനാൽ ആ സൈക്കിൾ മാറ്റി മറ്റൊന്ന് വാങ്ങാനായി സൈക്കിൾ വാടകക്ക് കൊടുത്ത ആംസ്റ്റർഡാമിലെ കടയിലേക്ക് തന്നെ ഇന്നലെ പോയിരുന്നു ടിന. തനിക്ക് തന്ന സൈക്കിളിന്റെ പ്രശ്നമെന്താണെന്ന് അവിടുത്തെ ജീവനക്കാരനെ പറഞ്ഞ് ബോധ്യപ്പെടുത്തി പുതിയ സൈക്കിളും സംഘടിപ്പിച്ച് മടങ്ങാനൊരുങ്ങുമ്പോൾ അതാ മുന്നിൽ മറ്റൊരു സൈക്കിളിൽ സാക്ഷാൽ സ്റ്റീഫൻ സ്പീൽ ബർഗ്. ആംസ്റ്റർഡാം നഗരത്തിൽ സൈക്കിളിൽ സ്പീൽ ബർഗിനെ കാണുന്നതൊന്നും വലിയ സംഭവം അല്ലെന്ന് അറിയാമെങ്കിലും ആകെ ത്രില്ലടിച്ചു പോയി എന്നാണ് മദാമ്മ പറഞ്ഞു വരുന്നത്. സ്പീൽ ബർഗിനെ വീണ്ടും കാണാനായെങ്കിലോ എന്ന് കരുതിയാണ് ഇന്നും സൈക്കിളുമെടുത്ത് ആംസ്റ്റർഡാമിലേക്ക് പോയത്. പക്ഷെ കനത്ത മഞ്ഞ് വീഴ്ച ചതിച്ചു. സ്പീൽ ബർഗിന് പകരം കണ്ടത് സൈക്കിൾ കള്ളന്മാരുടെ മുന്നിൽ മിണുങ്ങസ്യാ നിന്നിരുന്ന എന്നെയും.

പിന്നെ അത് സ്പീൽ ബർഗ് ഒന്നും ആവില്ല, ഏതെങ്കിലും ഒണക്ക അമേരിക്കൻ സായിപ്പായിരിക്കും- ഞാൻ വെറുതെ തർക്കിച്ചു. രണ്ടു കൊല്ലം അമേരിക്കയിൽ ജേർണലിസം പഠിച്ചതാണ് ഞാൻ. സ്പീൽപർഗിനെ തിരിച്ചറിയാനായി നീ എന്നെ പഠിപ്പിക്കണ്ട- കനത്ത തണുപ്പിനിടയിലും മദാമ്മ ചൂടായി. അവളുടെ ചൂട് കണ്ടപ്പോൾ തൽക്കാലം അതേറ്റു പിടിക്കേണ്ട എന്ന് എനിക്ക് തോന്നി.

അൽപ്പം കഴിഞ്ഞപ്പോഴേക്കും രോമക്കുപ്പായവും തോൽ ജാക്കറ്റുമൊക്കെ ധരിച്ച് മൂന്ന് പേർ ചില്ലുവാതിലിന് അരികിലെത്തി. ഡാംബറും കിബ്രിയും ജയയും. ഞാൻ ഡാംബറിന്റെ കയ്യിൽ നിന്ന് ചുരുട്ടിന്റെ പെട്ടി വാങ്ങി ടിനക്ക് നൽകി. ആർത്തിയോടെ ചുരുട്ട് എടുത്ത് കത്തിക്കാൻ ശ്രമിക്കുന്ന ടിനയെ സാകൂതം നോക്കി നിൽക്കുകയാണ് അവർ മൂന്ന് പേരും. ജയയൊഴികെ ഞങ്ങൾ മൂന്ന് പേരും ടിനക്ക് പുറകെ ചുരുട്ടിന് തീ കൊളുത്തി. ഇത്രയും ഹൃദ്യമായി ഞാൻ ജീവിതത്തിലൊരിക്കലും പുക വലിച്ചിട്ടുണ്ടായിരുന്നില്ല. പെട്ടന്ന് ഞങ്ങളെ പേടിപ്പിക്കുന്ന ശബ്ദത്തിൽ തൊട്ടടുത്ത പാളങ്ങളിലൂടെ ബർളിനിലേക്കുള്ള അവസാന തീവണ്ടി കൂകിപാഞ്ഞ് പോയി.

(തുടരും)


**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**

**വായനക്കാരുടെ പ്രതികരണങ്ങൾ**

അറിയിപ്പുകൾ അഭിപ്രായങ്ങൾ എല്ലാം

**എഴുതുക/വിളിക്കുക/അയക്കുക**

കേരളീയം കൊക്കാലെ, തൃശൂർ-21

ഫോൺ : 0487-2421385,9446576943

e-mail : robinkeraleeyam@gmail.com